തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടി ഉത്തരവ്

സംഗ്രഹം

KS&SSR Rule 8 Note (3) പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ് സർവ്വീസിൽ തിരികെ പ്രവേശിച്ച ജീവനക്കാരിയുടെ സീനിയർ ക്ലർക്ക് / ഫസ്റ്റ്ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിലെ സീനിയോറിറ്റി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ROC.75/25/EST-A തീയതി: 25/06/2025

പരാമർശം:- 1. 29/08/2019-ലെ ROC.2786/19/Mis-3/Est-2 നമ്പർ ബോർഡ് ഉത്തരവ്.
2. 13/02/2024 -ലെ ROC.75/23/Est-A നമ്പർ ഉത്തരവ്.
3. ഈ ആഫീസിലെ 27/12/2024 -ലെ ROC.18035/20/Est-A നമ്പർ നടപടി ഉത്തരവ്.
4. 11/03/2025-ലെ ROC.18035/20/Est-A നമ്പർ നടപടി ഉത്തരവ്.
5. ലേബർ കമ്മീഷണറുടെ 11/04/2025ലെ LCO:1856/2025/E(4) നമ്പർ കത്ത്.
6. 03/05/2025-ലെ ROC.2199/24/Est-2 നമ്പർ ബോർഡ് ഉത്തരവ്.
7. ഈ ആഫീസിലെ 09/05/2025-ലെ ROC.6090/23/Est-A നമ്പർ നടപടി ഉത്തരവ്.
8. ഈ ആഫീസിലെ 30/05/2025-ലെ മേൽ നമ്പർ സർക്കുലർ.

ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് സർവ്വീസിൽ സീനിയർ ക്ലർക്ക് / ഫസ്റ്റ്ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിൽ 18/08/2024 FN-ൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ദേവസ്വം അക്കൗണ്ട്സ് ആഫീസിൽ സീനിയർ ആഡിറ്റർ ആയി സേവനമനുഷ്ഠിച്ച് വന്നിരുന്ന ശ്രീമതി.ധന്യ.എസ്-നെ തൊഴിൽ വകുപ്പിൽ നിയമനം ലഭിച്ചതിനെ തുടർന്ന് പരാമർശം (3) പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും റിലീവ് ചെയ്തിരുന്നു. തുടർന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ തിരികെ പ്രവേശിക്കുന്നതിനുള്ള അനുവാദ ഉത്തരവ് ഉണ്ടാകണമെന്ന് കാണിച്ച് ടിയാളുടെ അപേക്ഷ സഹിതം പരാമർശം (5) കത്ത് ലഭ്യമായതിന്മേൽ ആയത് അനുവദിച്ച്കൊണ്ട് പരാമർശം (6) ആയി ബോർഡ് ഉത്തരവായിട്ടുള്ളതും, തുടർന്ന് ടി ബോർഡുത്തരവ്, പരാമർശം (1) ബോർഡുത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ KS&SSR Rule 8 Note (3) പ്രകാരം ശ്രീമതി.ധന്യ.എസ്-നെ മാതൃ വകുപ്പായ തിരുവിതാംകൂർ ദേവസ്വം ബോർഡ് സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുള്ളതാണ് (പരാമർശം 7). പ്രസ്തുത ചട്ടത്തിൽ ടിയാളുടെ സീനിയർ ക്ലർക്ക് / ഫസ്റ്റ്ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിലെ സീനിയോറിറ്റി സംരക്ഷിച്ചു നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ, 2024-ലെ സീനിയോറിറ്റി ലിസ്റ്റിൽ ടിയാളുടെ സ്ഥാനം ക്രമനമ്പർ 56 ശ്രീ.ശരത്കുമാറിനും ക്രമനമ്പർ 58 ശ്രീമതി.അഞ്ജലി ശങ്കറിനും ഇടയിൽ ക്രമനമ്പർ 57 ആയി ആണ് ക്രമീകരിച്ചിട്ടുള്ളത്. എന്നാൽ ശ്രീമതി.അഞ്ജലി ശങ്കർ പരാമർശം (4) ഉത്തരവ് പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ് സർവ്വീസിൽ നിന്നും റിലീവ് ചെയ്ത് പോയിട്ടുള്ളതാണ്.

(മറുപുറം..)

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീമതി.ധന്യ.എസ്-ന്റെ സീനിയോറിറ്റി മുൻവർഷ ക്രമം ശ്രീ.ശരത്കുമാർ.എസ്-ന് തൊട്ടു പിന്നിൽ ക്രമനമ്പർ 15 ആയി ക്രമീകരിച്ചും കൂടാതെ ക്രമനമ്പർ 15 ആയിരുന്ന ശ്രീമതി.അഞ്ജലി ശങ്കറിനെ പ്രസ്തുത സീനിയോറിറ്റി റാങ്ക് പട്ടികയിൽ നിന്നും ഒഴിവാക്കിയും പരാമർശം (8) ആയി പുറപ്പെടുവിച്ച റാങ്ക് പട്ടിക ഭേദഗതി ചെയ്തും ഉത്തരവാകുന്നു.

ദേവസ്വം കമ്മീഷണർ (ഇൻ ചാർജ്ജ്)
ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(പി&എസ്ജിആർസി)

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്
2. എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
3. ഐ.റ്റി സെക്ഷൻ
4. സെക്ഷൻ ഫയൽ

AR.25/06